സക്കറിയയുടെ

# കഥകൾ



2005-ലെ കേന്ദ്രസാഹിത്യ
അക്കാദമി അവാർഡ് നേടിയ കൃതി

DCB

സക്കറിയയുടെ കഥകൾ

8M3.01 ZAC/Z
CASMTVK

DCB

സക്കറിയയുടെ

കഥകൾ

സക്കറിയയുടെ ആദ്യ കഥ മുതൽ സമീപകാല കഥകൾ വരെ അടങ്ങുന്നതാണ് ഈ സമാഹാരം. മലയാള കഥയിലെ ആധുനികതയുടെ അടിത്തറ പണിത പ്രശസ്തങ്ങളും സുപരിചിതങ്ങളുമായ കഥകൾ ഈ സമാഹാരത്തിൽ ഒന്നിച്ചു ചേരുന്നു. മുൻ സമാഹാരങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത പഴയതും പുതിയതുമായ 97 കഥകളാണ് ഇതിൽ. സക്കറിയയുടെ കഥാലോകം ഒറ്റ ഗ്രന്ഥമായി നിങ്ങളുടെ കൈയിൽ. 'യേശുക്രിസ്തുവും സിനിമയും ബാറുകളും കൂട്ടുകാരും കാമുകിമാരും കോഴികളും നായകളും കഥകൾ തന്നു' എന്നു സക്കറിയ ആമുഖത്തിൽ എഴുതുന്നു.



കവർ ഡിസൈൻ: സൈനുൽ ആബിദ്

ഡി സി ബുക്സ്
www.dcbooks.com
കഥകൾ

ISBN 81-264-0476-0
9 788126 404766 00009
E-book available

₹ 525

M College Library TVK
1 2 6 8
01 ZAC/Z
3.01 ZAC/Z
1 2 6 8

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1268 Call No. 1268

This book should be returned on or before the date last given below.

11 JAN 2019
22 JAN 2019

## സക്കറിയ

കോട്ടയം ജില്ലയിലെ ഉരുളികുന്നത്ത് ജനിച്ചു. രചനകളുടെ ഇംഗ്ലിഷ് പ
ഭാഷകളടക്കം നാല്പതോളം കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഡൽഹ
യിൽ പ്രസാധന-മാധ്യമരംഗങ്ങളിൽ 20 വർഷത്തോളം പ്രവർത്ത
ച്ചിട്ടുണ്ട്. ഏഷ്യാനെറ്റ് ടെലിവിഷന്റെ സ്ഥാപക പ്രവർത്തകൻ. താമസ
തിരുവനന്തപുരത്ത്.

### സക്കറിയയുടെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

*ലഘുനോവൽ*
ഇതാണെന്റെ പേര്
ഇഷ്ടികയും ആശാരിയും
അയ്യപ്പത്തിന്തകത്തോം
എന്തുണ്ടു വിശേഷം പീലാത്തോസേ?
പ്രെയ്സ് ദി ലോർഡ്
സക്കറിയയുടെ നോവെല്ലകൾ
ഭാസ്കരപട്ടേലരും എന്റെ ജീവിതവും

*ലേഖനം*
ഗോവിന്ദം ഭജ മൂഢമതേ!

*കഥ*
ഒരു നസ്രാണിയുവാവും ഗൗളിശാസ്ത്രവും
കണ്ണാടി കാണ്മോളവും
സലാം അമേരിക്ക
കന്യാകുമാരി
സക്കറിയയുടെ പെൺകഥകൾ
ഒരിടത്ത്
ആർക്കറിയാം
സക്കറിയയുടെ കഥകൾ
എന്റെ പ്രിയപ്പെട്ട കഥകൾ
പ്രതികഥകൾ
അൽഫോൻസാമ്മയുടെ മരണവും ശവസംസ്കാരവും

*തിരക്കഥ*
ജോസഫ് ഒരു പുരോഹിതൻ

*യാത്രാവിവരണം*
ഒരു ആഫ്രിക്കൻ യാത്ര
തടാകനാട്
നബിയുടെ നാട്ടിൽ
അഗ്നിപർവതങ്ങളുടെ താഴ്‌വരയിൽ
ബംബം! ഹര! ഹര! ബംബം ബോൽ!

*ഓർമ്മ*
ഉരുളികുന്നത്തിന്റെ ലുത്തീനിയ

*പലവക*
സക്കറിയയുടെ യേശു

സക്കറിയ

# സക്കറിയയുടെ കഥകൾ

2005-ലെ സാഹിത്യഅക്കാദമി അവാർഡ് നേടിയ കൃതി

ഡിസിബുക്സ്

ഉണ്ടായത്. ഹിറ്റ്ലർ പ്രത്യക്ഷപ്പെട്ട് എനിക്ക് ഹസ്തദാനം ചെയ്തു. ഗാന്ധിജി ഫോൺ വിളിച്ച് അനുമോദിച്ചു. പ്രവാചകൻ കമ്പിയടിച്ചു.

അതോടെ എനിക്ക് നാട്ടിലേക്ക് മടങ്ങാൻ ധൃതിയായി. ഇ.എം.എസ്. നമ്പൂതിരിപ്പാടിനെ ചതുരംഗക്കളിയിൽ തോല്പിക്കണമെന്നായിരുന്നു എന്റെ മോഹം. പക്ഷേ, കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കോളജിൽ ജോലി കിട്ടിയതോടെ ഞാൻ അതെല്ലാം മറന്നു. ഇക്കാലത്താണ് മാർപ്പാപ്പ എന്റെ കഥകൾ വായിച്ച് എനിക്ക് പ്രണയലേഖനമെഴുതിയത്. ഞാനത് ഖേദപൂർവം തിരിച്ചയച്ചു.

ഇങ്ങനെ നാലു വർഷത്തോളം കാഞ്ഞിരപ്പള്ളിയിൽ പിടിച്ചുനിന്നപ്പോളാണ് ഒരു മന്വന്തരം കഴിഞ്ഞ വിവരമറിയിച്ചുകൊണ്ട് ചിന്മയാനന്ദന്റെ കുലിയെഴുത്ത് കിട്ടിയത്. ഉടനെതന്നെ ജോലി രാജിവച്ച് കോയമ്പത്തൂരിൽ പോയി ബാംഗ്ലൂരിലെ റൂബി ടയർ ആന്റ് റബർ വർക്സിന്റെ ഏരിയ മാനേജരായി തപസ് ആരംഭിച്ചു. തൊട്ടടുത്ത മുറിയിൽ സരോജിനി നായിഡു തപസ് ചെയ്യുന്നുണ്ടായിരുന്നു. ജവഹർലാൽ നെഹ്റു എന്നെ സരോജിനിയുടെ ശിഷ്യനായി തൈലലേപനം ചെയ്തു. കൊല്ലം 1971.

ഇന്ദിരാഗാന്ധി രഹസ്യദൂതനിലൂടെ നല്കിയ സന്ദേശമനുസരിച്ച് ഞാൻ കോയമ്പത്തൂർ ജോലി രാജിവച്ച് ദൽഹിക്ക് പോയി. എന്നെ നേരിൽക്കണ്ടതോടെ ഞാൻ സഞ്ജയ്ഗാന്ധിയെപ്പോലെയിരിക്കുന്നു എന്ന് അട്ടഹസിച്ചുകൊണ്ട് ഇന്ദിര കുപിതയാകുകയും എനിക്ക് വാഗ്ദാനം ചെയ്തിരുന്ന രഹസ്യപ്പോലീസ് മേധാവിയുടെ ജോലി നിഷേധിക്കുകയും ചെയ്തു. വഴിയാധാരമായ എന്നെ വി.കെ. മാധവൻകുട്ടിയും ഒ.വി. വിജയനും ചേർന്ന് രക്ഷിച്ചു. അങ്ങനെ ഞാൻ ദൽഹിയിലെ പല ആപ്പീസുകളിലും ഇരുപതു വർഷത്തോളം ജോലി ചെയ്തു. ഡോ. രാജേന്ദ്രപ്രസാദ്, ധീരുഭായ് അംബാനി, ഛത്രപതി ശിവജി, അടൽ ബിഹാരി വാജ്പൈ, ദാവൂദ് ഇബ്രാഹിം തുടങ്ങിയവരുമായി വെടിപറഞ്ഞിരുന്ന ദിവസങ്ങൾ ഇന്നലെയെന്നപോലെ തോന്നുന്നു. അദ്വാനിയും ഫെർണാണ്ടസും അന്ന് വള്ളിനിക്കറിടുന്നതേയുള്ളൂ.

കൃതയുഗം വന്നെത്തിയതോടെ ഞാൻ ദൽഹി വിട്ടു. ബൈബിൾ പരമ്പരയ്ക്ക് തിരക്കഥയെഴുതിത്തുടങ്ങിയെങ്കിലും ഹവ്വ ആദ്യത്തെ ലൈംഗികത്തൊഴിലാളി അല്ല, കാബറെ ആർട്ടിസ്റ്റാണ് എന്ന് എഴുതിയതിന് യഹോവ എന്നെ പിരിച്ചുവിട്ടു.

അതിനുശേഷമാണ് മാവോ സെഡുങ്ങുമായി കൂടിയാലോചിച്ച് മലയാളം ചാനൽ തുടങ്ങിയതും ചൈന ഇന്ത്യയെ ആക്രമിച്ചതും ഞാൻ നക്സലൈറ്റായതും പത്മനാഭസ്വാമിക്ഷേത്രത്തിൽ ഒളിച്ചുതാമസിച്ചതും പരമ്പരാഗത കലകളിൽ പ്രാവീണ്യം നേടിയതും സാംസ്കാരികനായകനായതും.

*സാംസ്കാരികവികാരം, ഏപ്രിൽ 2003*

## ഉള്ളടക്കം


| | |
|---|---|
| | 15 |
| പത്രം | 21 |
| അശ്വാരൂഢനായ വരൻെറ വരവും പോക്കും | 26 |
| അമ്പാടി | 32 |
| തീവണ്ടിക്കൊള്ള | 39 |
| അവിശ്വാസി | 41 |
| നമുക്ക് പാർക്കാൻ മുന്തിരിത്തോപ്പുകൾ | 49 |
| വല | 64 |
| വെള്ള വടി | 71 |
| സലാം അമേരിക്ക | 79 |
| സന്ദർശകൻ | 85 |
| അശ്ലീലം വരുത്തിവച്ച വിന ഒരു ദുരന്തസംഭവം | 93 |
| കുഴിയാനകളുടെ ഉദ്യാനം | 101 |
| സൃഷ്ടി | 104 |
| എന്നെക്കൂടി പ്രതീക്ഷിക്കില്ല | 111 |
| ബാർ | 117 |
| ഉണ്ണി എന്ന കുട്ടി | 121 |
| 'ഇതാ ഇവിടെവരെ'യുടെ പരസ്യവണ്ടി പുറപ്പെടുന്നു | 129 |
| എൻെറ കളിപ്പാട്ടങ്ങൾ | 138 |
| സത്യപ്രതിജ്ഞ | 144 |
| ഞാനുറങ്ങാൻ പോകുംമുമ്പായ് | 148 |
| അ എന്ന വേട്ടക്കാരൻ | 150 |
| ഒരിടത്ത് | |
| ക്രൂരകളായ ഉയർന്ന ഇടത്തരം മലയാളി വീട്ടമ്മമാർക്ക് അവ്യക്തമായ ഒരു മുന്നറിയിപ്പ് | 157 |

| | |
|---|---|
| ഒറ്റക്കണ്ണന്മാർ | 163 |
| എലികൾ | 166 |
| ഈ എഴുത്ത് | 171 |
| ബ്രദർ ലൂക്കോസും പിശാചും | 176 |
| ഒരു സുന്ദരസന്ധ്യയിൽ | 182 |
| ആരോ വാതിൽക്കൽ | 198 |
| ഒരു നസ്രാണിയുവാവും ഗൗളിശാസ്ത്രവും | 200 |
| ലാസ്റ്റ് ഷോ | 211 |
| മാംസനിബദ്ധമായ രാഗം | 214 |
| ആരെ? | 217 |
| മൂന്നാംകിട സാഹിത്യത്തിന്റെ അന്ത്യം | 219 |
| ശന്തനുവിന്റെ പക്ഷികൾ | 230 |
| കണ്ണാടി കാൺമോളവും | 234 |
| അന്വേഷിച്ചു പോവേണ്ട | 240 |
| കിംഗ്(ങ്?) സോളമൺ(ൻ?) | 246 |
| വഞ്ചി | 257 |
| ഹൃദയതാരകം | 259 |
| കരയുന്ന എഞ്ചിൻ | 262 |
| അയാൾ അവൾ | 268 |
| സീയോൻ സഞ്ചാരി | 271 |
| മഴ | 285 |
| മനുഷ്യോപകാരപ്രദങ്ങളായ ചില കണ്ടുപിടിത്തങ്ങൾ | 290 |
| നാലു കവിതാവസ്തുക്കൾ | 298 |
| കുന്ന് | 301 |
| യേശുപുരം പബ്ലിക് ലൈബ്രറിയെപ്പറ്റി ഒരു പരാതി | 307 |
| പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി | 316 |
| ചങ്ങാടം | 320 |
| പ്രപഞ്ചത്തിന്റെ അവശിഷ്ടങ്ങൾ | 323 |
| ഓമന | 332 |
| മൂന്ന് കുഞ്ഞുങ്ങൾ | 334 |
| ഡി. ക്യൂലായുടെ ഉമ്മ | 339 |
| ദൂത് | 348 |
| ആർക്കറിയാം | 353 |
| ഛായ | 358 |
| ഒരു ക്രൂരനസ്രാണിയുടെ കഥ | 361 |
| ഒട്ടകപ്പക്ഷിയുടെ മുട്ട | 363 |
| ഈയിടെ നടന്ന ചില ദുർമരണങ്ങൾ | 370 |
| ഒരു ക്രിസ്മസ് കഥ | 375 |
| ക്രെയ്ൻ ഷോട്ട് | 379 |
| മനഃശാസ്ത്രജ്ഞനോട് ചോദിക്കാം | 386 |
| രണ്ടു മരണങ്ങളുടെ ഭേദഗതി ചെയ്യപ്പെട്ട സാംസ്കാരിക ചരിത്രം | 393 |
| ഞാൻ പട്ടാളത്തിൽ ചേരാനിടയായ സാഹചര്യങ്ങൾ | 395 |
| കുരിശുമലമുകളിൽ | 402 |
| എന്റെ അച്ഛൻ | 408 |
| കടൽ | 413 |
| കിമ്പളവ്യവസ്ഥ | 417 |
| ലാൽസലാം | 425 |
| പിന്നെയും ഒരു സന്ധ്യ | 427 |
| ജാരപർവ്വം | 433 |
| കണ്ണട, വാൽ എന്നിവ | 438 |
| രണ്ട് നാടകകഥകൾ | 447 |
| നമ്മുടെ പറുദീസാനഷ്ടം | 451 |
| രാധ, രാധ മാത്രം | 461 |
| വിശുദ്ധ താക്കോൽ: അഥവാ, ആത്മാവ് സ്വർഗ്ഗത്തിൽ പോകുന്നതെങ്ങനെ? | 471 |
| സ്നേഹത്തിന്റെ നിഴൽ | 482 |

അന്നമ്മ ടീച്ചർ: ഒരോർമ്മക്കുറിപ്പ് 485
അലറുന്ന അസ്ഥിക്കൂടം 491
ഒരെഴുത്തുകാരി അപഹരിക്കപ്പെടുന്നു 496
തട്ടിങ്കൽ കുഞ്ഞുവറീദ് പിന്തിരിഞ്ഞു നോക്കുന്നു 504
യാത്ര 525
പട്ടാളത്തിലെ എൻെറ പ്രാരംഭനൈരാശ്യം 529
ജോസഫ് നല്ലവൻെറ കുറ്റസമ്മതം 534
ഒരു പിടക്കോഴിയുടെ ആസന്നമരണചിന്തകൾ 542
ഒരു ഇടുങ്ങിയ സ്ഥലം 545
മുള്ള് 553
കന്യാകുമാരി 557
പാതിരയെത്തുമ്പോൾ 563
പുലർച്ചയ്ക്ക് ഒരു മഹസ്സർ 567
ഇഹലോകവാസം 571
ഓർമ്മയിൽ എൻെറ ചില കുറ്റാന്വേഷണനീക്കങ്ങൾ 573
ഒരു ദിവസത്തെ ജോലി 575
മന്ത്രവാദം 581
ടെക്വീല 592
തട്ടിയെടുപ്പ് 598

*അനുബന്ധം* 601

# 1

## പത്രം

പാലായ്ക്കടുത്തുള്ള ചേർപ്പുങ്കൽ എന്ന സ്ഥലത്ത് ഒരു ദിവസം രാവിലെ ഇനിയും തുറക്കാറായിട്ടില്ലാത്ത കടകളിലൊന്നിന്റെ തിണ്ണയിലിരുന്ന് പതിനാല് യാചകർ പത്രം വായിക്കുകയായിരുന്നു. അവരിൽ പ്രായം ചെന്നവരും മദ്ധ്യവയസ്കരും താരതമ്യേന ചെറുപ്പക്കാരും ഉണ്ടായിരുന്നു. തടിച്ചവരും മെലിഞ്ഞവരും കറുത്തവരും ഇരുനിറക്കാരും വെളുത്തവരും ഉണ്ടായിരുന്നു. കുറിയവരും മധ്യഉയരക്കാരും ഉണ്ടായിരുന്നു. ഒരു കൈയില്ലാത്തവരും ഒരു കണ്ണുപൊട്ടിയവരും ഒരു കാൽ മുറിഞ്ഞു പോയവരും ഉണ്ടായിരുന്നു. മുഷിഞ്ഞ വസ്ത്രം ധരിച്ചവരായിരുന്നു എല്ലാവരുമെങ്കിലും തീരെ കീറിപ്പറിഞ്ഞ വസ്ത്രമുടുത്തവർ ആരുമുണ്ടായിരുന്നില്ല. ചിലരുടെ വേഷം മുണ്ടും തോർത്തുമായിരുന്നെങ്കിൽ ചിലർ ഷർട്ടിട്ടവരായിരുന്നു. ചെരിപ്പിട്ടവർ പലരുണ്ടായിരുന്നു. നാലഞ്ചുപേർ ബീഡി പുകയ്ക്കുന്നുണ്ടായിരുന്നു. സ്ത്രീകൾ ആരും ഇക്കൂട്ടത്തിൽ ഉണ്ടായിരുന്നില്ല. എല്ലാവരുടെയും മുഖങ്ങൾ സന്തോഷമൊഴിഞ്ഞവയായിരുന്നു. ജീവിതവുമായുള്ള അകൽച്ച എല്ലാവരുടെയും മുഖങ്ങളിൽ പ്രതിഫലിച്ചു.

ഈ യാചകരുടെ സംഘം വാസ്തവത്തിൽ പത്രം വായിക്കുകയായിരുന്നില്ല, പത്രം വായന കേൾക്കുകയായിരുന്നു. ഒരാൾ വായിച്ചു, മറ്റു പതിമൂന്നു പേർ അത് കേട്ടിരുന്നു. പത്രം വായിച്ച ആൾ പൂർണ്ണ അർത്ഥത്തിൽ ഒരു യാചകനായിരുന്നില്ല. തന്റെ ഭാര്യയ്ക്ക് പരപുരുഷനോട് അനുരാഗമുണ്ടെന്ന് കണ്ടുപിടിച്ച പിന്നാലെ, മുപ്പത്തിയഞ്ചുകാരിയായ ഭാര്യയെയും പതിന്നാലും പന്ത്രണ്ടും വയസ്സുള്ള കുട്ടികളെയും പിരിഞ്ഞ് വീടുവിട്ടിറങ്ങിപ്പോന്ന ഒരു മദ്ധ്യവയസ്കനായിരുന്നു അയാൾ. അയാൾ തന്റെ സ്വബഹിഷ്കൃതജീവിതമാരംഭിച്ചിട്ട് ആഴ്ചകളേ ആയിരുന്നുള്ളൂ.

ഒരു ദിവസം ആരോടും പറയാതെ വീടു വിട്ടതിനുശേഷം അയാൾ തന്നെയാരും തിരിച്ചറിയില്ലാത്ത ഒരു ദൂരത്തേക്ക് അലഞ്ഞു തിരിഞ്ഞു പോകുകയാണുണ്ടായത്. അങ്ങനെയയാൾ ചേർപ്പുങ്കലെത്തി. അവിടെ വഴിയരികിൽ സ്ഥാപിച്ചിരിക്കുന്ന ഉണ്ണിയേശുവിന്റെ പ്രതിമയ്ക്കുചുറ്റുമുള്ള വിദ്യുത്പ്രവാഹാലങ്കാരത്തിൽ ആകൃഷ്ടനായി നില്ക്കവേ, അയാളുടെ കണ്ണുകൾ ബാലയേശുവിന്റെ മുഖത്ത് പതിച്ചു. തന്റെ മകന്റെ മുഖം തന്നെയാണ് യേശുവിനും എന്നയാൾക്കു തോന്നി. ആ സന്തോഷംകൊണ്ട് അന്ന് അവിടെയൊരു കടത്തിണ്ണയിൽ കിടന്നുറങ്ങി. പിന്നെ അവിടെത്തന്നെ ജീവിതം തുടർന്നു. പക്ഷേ, പിന്നീടൊരിക്കലും അയാൾ ഉണ്ണിയേശുവിന്റെ മുഖത്തു നോക്കിയിട്ടില്ല. തന്റെ മകന്റെ ഓർമ്മ തിരിച്ചുവന്ന് ഹൃദയത്തെ വ്രണപ്പെടുത്താൻ അയാൾ അനുവദിച്ചില്ല.